(ബി) കലോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനത്തിനും മറ്റ് ചെലവുകൾക്കുമായി നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(സി) ചെലവ് കൂടുതലുള്ള ഇനങ്ങളിൽ പങ്കെടുക്കുന്നതിന് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) ഈ വർഷം എത്ര കുട്ടികൾ അപ്പീൽ നൽകി കലാമേളയിൽ പങ്കെടുത്തു ;

(ഇ) കലാമത്സരങ്ങളിൽ അവതരിപ്പിക്കുന്ന വിവിധ ഇനങ്ങളുടെ നിലവാരം കുറഞ്ഞുവരുന്നതായി ആക്ഷേപമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) അടുത്ത വർഷത്തെ കലാമേളയിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഇല്ല. ഇതുസംബന്ധിച്ച് വിധിയുത്തൽ നടത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ഈ മാസം അവസാനം ചേരുന്നതിന് ഉദ്ദേശിക്കുന്നു.

(ബി&സി) രക്ഷകർത്താവിന്റെ വാർഷിക വരുമാനം 75000 രൂപയിൽ കുറവായ കുട്ടികൾക്ക് നൃത്ത ഇനങ്ങളിൽ ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പരമാവധി 10000 രൂപ സാമ്പത്തിക സഹായം നൽകാറുണ്ട്.

(ഡി) 515 കുട്ടികൾ

(ഇ) ഇല്ല.

(എഫ്) കലാമേള സംബന്ധിച്ച് പരിഷ്കാരങ്ങൾ പരിഗണിക്കുന്നതിന് ബന്ധപ്പെട്ടവരുടെ ശില്പശാല സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ചെറുകിട-സൂക്ഷ്മ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

7(*97) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ബാബു പോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട-സൂക്ഷ്മ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ കാലയളവിൽ നഷ്ടത്തിലായതും പൂട്ടിക്കിടക്കുന്നതുമായ ഇത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ,

(എ) സംസ്ഥാനത്ത് ചെറുകിട-സൂക്ഷ്മ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

1. കരമ്പാള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ.

2. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ലഭ്യമാക്കുന്നു..

3. സംസ്ഥാന നിക്ഷേപ സബ്സിഡി.

4. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ് പരിശീലനം എന്നിവ നൽകുന്നു.

5. ഗ്രീൻ ചാനൽ കൗണ്ടർ/ഏകജാലക സംവിധാനങ്ങളിലൂടെ ക്ലിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ

6. സെമിനാറുകളും പരിശീലനവും ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് നൽകുന്നു.

7. പ്രദർശന വിപണന മേളകളിലൂടെ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു.

8. സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് വ്യവസായ വകുപ്പ് മുഖേന നൽകി വരുന്നുണ്ട്.

9. ലഘു ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റ് വരവ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി സംവിധാനം.

11. കാർഷിക അധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ.

12. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.

14. സാങ്കേതിക വിദ്യാ വികസന നിധി.

15 ഗവേഷണ കേന്ദ്രങ്ങൾ ഗവേഷണ ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.

16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാദ്ധ്യമാക്കാൻ പ്രയോജനപ്പെടുന്നു.

17. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.

18. സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എം.എസ്.ഇ. അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

19. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേക്ക് ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) നഷ്ടത്തിലായതും പൂട്ടിക്കിടക്കുന്നതുമായ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നിരവധി പരിപാടികൾ വ്യവസായ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. മൂലധന സംബന്ധമായ കാര്യങ്ങളിൽ പ്രയാസമനുഭവിക്കുന്ന സ്ഥാപനങ്ങളുടെ അധിക വായ്പ, നിലവിലുള്ള വായ്പ, തിരിച്ചടയ്ക്കാൻ സാവകാശം എന്നിവ ലഭിക്കുന്നതിന് ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നുണ്ട്. പീഡിത വ്യവസായമായി രജിസ്റ്റർ ചെയ്യുന്ന യൂണിറ്റിനും മാർജിൻ മണി സ്റ്റാർട്ട് അപ്പ് ചെലവുകൾ എന്നിവയ്ക്ക് ഗവൺമെന്റ് വായ്പ നൽകുന്നു. നിലവിലുള്ള വായ്പകൾ തിരിച്ചടക്കാൻ സാവകാശവും നൽകുന്നുണ്ട്. ഇത്തരത്തിൽ 746 ചെറുകിട യൂണിറ്റുകൾ കഴിഞ്ഞ 3 വർഷം പുനരുദ്ധരിച്ചിട്ടുണ്ട്.

വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ

8(*98) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും വേനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനമേഖലയോടു ചേർന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly